കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# രാമനാട്ടുകര നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail: dokkd.ksad@gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.കെ.കെ.ഡി/പി8 /116/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഇ-മെയിൽ -dokkd.ksad@gov.in

വെബ് -www.lfa.kerala.gov.in

ഫോൺ - 0495 2371012

തീയതി: 28-01-2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

രാമനാട്ടുകര നഗരസഭ.

സർ,

വിഷയം :രാമനാട്ടുകര നഗരസഭ 2015-16. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാമനാട്ടുകര നഗരസഭയുടെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമാ യി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റീസ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റീസ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :1)കേരള സംസ്ഥാന ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)നഗരകാര്യ വകുപ്പ് ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം
3)കാര്യാലയ പകർപ്പ്

കെ.എസ്.എ.കെ.കെ.ഡി/പി8 /116/2017 തീയതിഃ 28-01-2017

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര നഗരസഭയുടെ 2015-16 (1.11.2015-31.3.16) സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 13.11.2015 മുതൽ 16.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ പി. ഉണ്ണികൃഷ്ണൻ,<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.01.2017 മുതൽ 25.01.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.ഹരി കെ.പി | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| | | ശ്രീ.ശ്യാംജിത്ത് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സതീഷ് കുമാർ സി.പി | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ദിശ ആർ.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.നിമ്മി.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| ചെയർമാൻ | : | ശ്രീ.വാഴയിൽ ബാലകൃഷ്ണൻ | 1.11.2015മുതൽ 31..03.2016 വരെ |
| സെക്രട്ടറി | : | ശ്രീ വി പി അബ്ദുൾ നാസർ | 1.11.2015മുതൽ 31..03.2016 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
|---|---|---|---|
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| മെഡിക്കൽ ഓഫീസർ പി എച്ച സി | | ഡോ.സുരേഷ് എം | 1.11.2015മുതൽ 31..03.2016 വരെ |
| വെറ്ററിനറി സർജൻ | | ഡോ.മഞ്ജുഷ. എ | 1.11.2015മുതൽ 31..03.2016 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.മോളി ശശികല കെ | 1.11.2015മുതൽ 31..03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | ശ്രീമതി.നൂർജഹാൻ ടി | 1.11.2015മുതൽ 17.11.2015 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | | ശ്രീമതി.മീനാകുമാരി പി | 17.11.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | | ഡോ.വി അബ്ദുൾ സലാം | 1.11.2015മുതൽ 31..03.2016 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ.ജോയ് ജോൺ | 1.11.2015മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | | ശ്രീ.സന്തോഷ്.പി | 1.11.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | | ഡോ.സറീന | 1.11.2015മുതൽ 31..03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീ.മനോജ് കുമാർ എം | 25.11.2015മുതൽ 31..03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.ഉഷാര പി.ആർ | 1.11.2015മുതൽ 25.11.2015 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം ) | 1-4 |
| 5 | ഫണ്ട് വിനിയോഗം(ധനകാര്യ കമ്മീഷന് നൽകിയ കണക്ക പ്രകാരം) | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |

| | | |
|---|---|---|
| ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 10 | വാടക ഈടാക്കിയതിൽ കുറവ് | 2-2 |
| 13 | പാരിസ്ഥിതിക അനുമതി ലഭ്യമാക്കാതെ കെട്ടിടനിർമ്മാണ അനുമതി നൽകി | 2-3 |
| 14 | അഗ്നിശമനസേന വിഭാഗത്തിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കാതെ കെട്ടിടനിർമ്മാണ അനുമതി നൽകി | 2-4 |
| 15 | വിദ്യാഭ്യാസ വിനിയോഗ ഗണത്തിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നൽകിയതിൽ അവ്യക്തത | 2-5 |
| | ഭാഗം 3<br>ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 16 | ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകി | 3-1 |
| 17 | ഗ്രാനുലാർ സബ് ബേസ് -സ്പെസിഫിക്കേഷന വിരുദ്ധം. | 3-2 |
| 18 | കലക്ടറേറ്റിൽ നിന്നും തുക ലഭിക്കും മുൻപ് തനതുഫണ്ടിൽ നിന്നും ചെലവഴിച്ചു | 3-3 |
| 19 | മുണ്ടങ്ങാട്ടുതാഴം -മഠത്തിൽ പടി റോഡ് റി ടാറിംഗ്-റി ടെണ്ടറിൽ ടെണ്ടർ കുറവ് ഇല്ലാതായി. | 3-4 |
| 20 | സംഭാവന നൽകി:ഔദ്യോഗിക രശീതിയില്ല | 3-5 |
| 21 | ബയോ ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കുന്ന പ്രോജക്ട് നടപ്പാക്കിയതിലെ അപാകത | 3-6 |
| 22 | വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 3-7 |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 3-8 |
| 24 | ഓഫീസ് കെട്ടിടം നവീകരണം - വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. | 3-9 |
| 25 | പെയ്ൻ ആൻഡ് പാലിയേറ്റീവ് പ്രോജക്ട് - സർക്കാർ ഉത്തരവിന് വിരുദ്ധമായി പണം ചെലവഴിച്ചു | 3-10 |
| 26 | പട്ടികജാതി വിഭാഗക്കാർക്ക് വിവാഹ ധനസഹായം - പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-11 |

| | | |
|---|---|---|
| 27 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വിതരണം - കൈപ്പറ്റ് രേഖകൾ ഹാജരാക്കിയില്ല | 3-12 |
| 28 | എസ്.എസ്.എ വിഹിതം - കൈമാറിയ തുകക്ക് രശീത് ,വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ലഭിച്ചിട്ടില്ല. | 3-13 |
| 29 | സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയതിലെ അപാകത | 3-14 |
| 30 | പഞ്ചായത്ത് ഭവന പദ്ധതി - കൈമാറിയ തുകക്ക് കൈപ്പറ്റ് രശീത് ലഭിച്ചില്ല | 3-15 |
| 31 | ഐ.എ.വൈ പദ്ധതി - കൈമാറിയ തുകക്ക് വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിച്ചില്ല. | 3-16 |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 47 | അനുബന്ധം – ഓഡിറ്റ് സർട്ടിഫിക്കറ്റ് | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 21.01.2017 | അനുബന്ധം 1 കാണുക |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12815269 |
| വരവ് | 36138237 |
| ആകെ | 48953506 |
| ചെലവ് | 41262563 |
| നീക്കിയിരിപ്പ് | 7690943 |

## 1-5 ഫണ്ട് വിനിയോഗം (1.11.15 - 31.3.16)(ധനകാര്യ കമ്മീഷന് നൽകിയ കണക്കുകൾ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1671088 | 7098910 | 8769668 | 7098910 | 0 | (-)1671088 |
| വികസനഫണ്ട് (എസ്.സി.പി.) | 2013367 | 1541788 | 3555155 | 1541788 | 0 | 2013367 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 0 | 0 | 0 | 0 | |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 95226 | 877960 | 973186 | 973186 | 0 | |
| സംരക്ഷണഗ്രാന്റ് റോഡ് | 21443 | 1682920 | 1704363 | 1704363 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1741468 | 3088841 | 4830309 | 3088841 | 0 | 1741468 |
| പെർഫോമൻസ് ഗ്രാന്റ് | 1847580 | 1584472 | 3432052 | 1584472 | 0 | 1847580 |

## 1-6 തനത് വരുമാനം.

11/2015-03/2016 മുനിസിപ്പാലിറ്റി കാലയളവിൽ സ്ഥാപനത്തിന്റെ തനതു വരുമാനം താഴെ പറയും പ്രകാരമാണ്.

| ഇനം | തൻവർഷം |
|---|---|
| നികുതി വരവുകൾ | 1453807 |
| നികുതിയേതര വരവുകൾ | 3750 |
| മറ്റുവരവുകൾ | 846207 |
| ആകെ | 2303764 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.01.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22027/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2015-16.11.2015 | 8/15-10/15 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കിലെ അപാകതകൾ

രാമനാട്ടുകര മുനിസിപ്പാലിറ്റിയുടെ വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ബിൽഡിംഗ് വാടകക്ക് വർഷാദ്യത്തിൽ (പഞ്ചായത്ത് അക്കൗണ്ടിൽ) കാണിച്ച അതേ ഡിമാന്റ് വീണ്ടും മുനിസിപ്പാലിറ്റി അക്കൗണ്ടിൽ കാണിച്ചിരിക്കുന്നു.

പഞ്ചായത്ത് കാലയളവിലെ ഡിമാന്റ് - 21,56,988/-

മുനിസിപ്പാലിറ്റി കാലയളവിലെ ഡിമാന്റ് – 21,57,384/-(ഒരു റൂം പിന്നീട് ലേലം ചെയ്തതാണ്).

എന്നാൽ രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് 21,64,288/- രൂപയാണ്.റജിസ്റ്റർ പ്രകാരം വാടക വരവ് പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും വെവ്വേറെ കാണിച്ച് സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

2. ഡി & ഒ ലൈസൻസ് ഫീ പഞ്ചായത്തിന്റെ കുടിശ്ശിക 66,300/- ആണെങ്കിലും ബാലൻസ്, ഷെഡ്യൂൾ ബി15 പ്രകാരം 65,300/- ആണ് കാണിച്ചിട്ടുള്ളത്.

<u>പൊതു അപാകതകൾ</u>

1. സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ആയത് ഹാജരാക്കിയ ബാലൻസ് ഷീറ്റുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

2. നിർവഹണ ഉദ്യോഗസ്ഥർ മുഖേനയുള്ള പ്രോജക്ടുകളിൽ നിന്നുള്ള വാറ്റ്/ആദായ നികുതി /നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. 2014-15 വർഷത്തെ വാർഷിക കണക്കിലെ അപാകതകളിലുൾപ്പെടുത്തിയ ആസ്തി റജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ നിലവിലുള്ള സ്ഥാവര ജംഗമ വസ്തുക്കൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് പരിഹരിക്കപ്പെട്ടിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെടുന്നു.

## 2-2 വാടക ഈടാക്കിയതിൽ കുറവ്

2015-16 വർഷത്തെ ഷോപ്പിങ് കോംപ്ലക്സ് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികളുടെ വാടക അടവാക്കിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരം താഴെ പറയുന്നു

| ക്രമ നം | റൂം.നം | വാടകക്കാരന്റെ പേര് | പ്രതിമാസ വാടക | അടവാക്കിയ തുക | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | 5/382 | ടി.ജയപ്രകാശ് | 3182 | nil | 15910 |
| 2 | 5/384 | പി.പി.കോറ്റിക്കുട്ടി | 2547 | nil | 12735 |
| 3 | 5/396 | BSNL TELEPHONE EXCHANGE | 15600 | nil | 78000 |
| 4 | 1/317 A5 | ശ്രീ .ശ്രീജിത്ത് സി പി | 3308 | nil | 16540 |
| 5 | tower | BSNL | 1029 | nil | 5145 |
| 6 | 1/317A13 | ഹുസ്സൻ.കെ | 3474 | nil | 17370 |
| 7 | 1/317A14 | ഹുസ്സൻ.കെ | 3474 | nil | 17370 |
| 8 | 5/384 | സി .മാനേജർ മിൽമ | 3308 | ഏപ്രിൽ2015 | 16540 |
| 9 | 5/359 | പി .ഇ.സെയ്ദാലിക്കോയ | 2791 | ഏപ്രിൽ മുതൽ ജൂൺവരെ | 13955 |
| | | ആകെ | | | 193565/- |

മുനിസിപ്പാലിറ്റി അധീനതയിലുള്ള 65 റൂമുകളിൽ 63 എണ്ണമാണ് 2015-16 വർഷത്തിൽ വാടകയ്ക്ക് നല്കിയിട്ടുള്ളത്. ഈടാക്കാനുള്ള വാടക ,സർവ്വീസ് ടാക്സ്,പിഴപ്പലിശ എന്നിവ സഹിതം ഈടാക്കാൻ സ്വീകരിച്ച് നടപടിവിവരം ആവശ്യപ്പെട്ട് 25-1-16ന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 പാരിസ്ഥിതിക അനുമതി ലഭ്യമാക്കാതെ കെട്ടിടനിർമ്മാണ അനുമതി നല്കി

2015 -16 വർഷത്തിൽ രാമനാട്ടുകര പഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന കെട്ടിടനിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | ബി.എൽ - 232 /15-16 തിയ്യതി 18.10.2016 |
| അപേക്ഷകൻ | ശ്രീ.എം.പി.വീരേന്ദ്രകുമാർ , എം.ഡി, മാതൃഭൂമി ,കോഴിക്കോട്. |
| കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം | 20633 എം2 |
| കെട്ടിടത്തിന്റെ തരം | വ്യാവസായികം (പ്രിന്റിങ് പ്രസ്സ് കെട്ടിടം) |

| | |
|---|---|
| കെട്ടിടത്തിന്റെ പ്ലോട്ട് | റി.സർവ്വേ നമ്പർ 278/2എ, 282/1, 278/2സി, 278/2ബി, 282/2 മുതലായവ |
| കെട്ടിടത്തിന്റെ പ്ലോട്ട് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ | GF 9566 എം2<br>FF 9478 എം2<br>SF 1588 എം2<br>ആകെ 20633 എം2 |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | ശ്രീ.എൻ.സുരേഷ് കുമാർ , സെക്രട്ടറി,<br>രാമനാട്ടുകര മുനിസിപ്പാലിറ്റി |

ഇവിടെ ബാധകമായിട്ടുള്ളത് 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ആണ്. പ്രസ്തുത ചട്ടങ്ങളിലെ 23 (4 എ) ചട്ടം പ്രകാരമുള്ള പാരിസ്ഥിതിക അനുമതി ലഭ്യമാക്കാതെയാണ് ഇവിടെ അനുമതി നല്കിയിട്ടുള്ളത്. ഇത്തരം അനുമതി ലഭ്യമാക്കേണ്ടതാണെന്ന് 18.02.2016 തിയ്യതിയിലെ ഡി1 – 1118/16/ ഡി.ഡിസ് (കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം ) നമ്പർ അംഗീകാരത്തിൽ മുഖ്യ നഗരാസൂത്രകൻ (CTP) വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ അപേക്ഷകൻ 26.09.2016 തിയ്യതിയോടെ മുഖ്യ നഗരാസൂത്രകന് ലഭ്യമാക്കിയ കത്ത് പ്രകാരം തങ്ങളുടെ കെട്ടിടത്തിന്റെ built up area 9434.26 എം2 മാത്രമേ ഉള്ളൂ എന്നും ആയതിനാൽ മേൽ അനുമതിയിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ 29.09.16 ലെ ഡി1 / 8990 / 2016 / ഡി.ഡിസ് കത്ത് പ്രകാരം ഈ നിബന്ധന ഒഴിവാക്കി നല്കുകയാണ് ഉണ്ടായത്. എന്നാൽ കെട്ടിടനിർമ്മാണ അനുമതി നല്കിയപ്പോൾ 20633എം2 പ്ലിന്ത് വിസ്തീർണമുള്ള കെട്ടിടത്തിനാണ് അനുമതി നല്കിയത്. കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണ അനുമതി നല്കിയത് വിശദീകരിക്കേണ്ടതാണ്. തൃപ്തികരമായ വിശദീകരണം ഇല്ലാത്ത പക്ഷം 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 16 പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 അഗ്നിശമന സേന വിഭാഗത്തിൽ നിന്നുമുള്ള അനുമതി ലഭ്യമാക്കാതെ കെട്ടിട നിർമ്മാണ അനുമതി നല്കി

1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം അഗ്നിശമനസേന വിഭാഗത്തിൽ നിന്നും ലഭ്യമാക്കേണ്ട അനുമതി പത്രം ലഭ്യമാക്കാതെയാണ് താഴെപ്പറയുന്ന കേസിൽ കെട്ടിടനിർമ്മാണ അനുമതി നല്കിയത് എന്നു കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | ബി.എൽ. 287 / 15-16 തിയ്യതി 23.01.2016 |

| | |
|---|---|
| അപേക്ഷകൻ | ശ്രീ.ബാബു.കെ , മേലത്ത് പറമ്പ് ,<br><br>ചെറുവണ്ണൂർ , ഫറോക്ക്. |
| കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം | 2160.3 എം2 |
| പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ | GF 690.32 എം2<br><br>FF 712.76 എം2<br><br>SF 712.76 എം2<br><br>TF 44.48 എം2<br><br>ആകെ 2160.3 എം2 |
| കെട്ടിടത്തിന്റെ തരം | റെസിഡൻഷ്യൽ |
| പ്ലോട്ട് വിസ്തീർണം | 41.8 സെന്റ്<br><br>( റി. സർവ്വേ നമ്പർ 279/1) |
| കെട്ടിട നിർമ്മാണ അനുമതി ഒപ്പിട്ട് നല്കിയത് | ശ്രീ.വി.പി.അബ്ദുൾ നസീർ ,സെക്രട്ടറി ,<br><br>രാമനാട്ടുകര മുനിസിപ്പാലിറ്റി. |

1999 – ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 53 (3)പ്രകാരം ഭൂനിരപ്പിൽ നിന്നും 3 നില കവിയുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് നല്കുന്നതിന് മുൻപ് അഗ്നി ശമന സേന വിഭാഗം ഡയറക്ടറിൽ നിന്നും അനുമതി സാക്ഷ്യപത്രം വാങ്ങേണ്ടതുണ്ട്. എന്നാൽ ആയത് ലഭ്യമാക്കാതെയാണ് ഇവിടെ കെട്ടിട നിർമ്മാണ അനുമതി നല്കിയത്. അപാകത വിശദീകരിക്കേണ്ടതാണ്. തൃപ്തികരമായ വിശദീകരണമില്ലാത്ത പക്ഷം 1999 -ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ , ചട്ടം 16 പ്രകാരമുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## **2-5** <u>വിദ്യാഭ്യാസ വിനിയോഗഗണത്തിൽ കെട്ടിടനിർമ്മാണത്തിന് അനുമതി നല്കിയതിൽ അവ്യക്തത</u>

താഴെപ്പറയുന്ന കെട്ടിട നിർമ്മാണ അനുമതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പെർമിറ്റ് നമ്പർ | ബി.എൽ 20 /2015 – 16<br><br>തിയ്യതി 11.11.2015 |
| അപേക്ഷകൻ | സെക്രട്ടറി, റൗലത്തുൽ ഉലൂം അറബിക്<br><br>കോളേജ് , ഫറോക്ക് കോളേജ് പി.ഓ |
| കെട്ടിടത്തിന്റെ വിനിയോഗഗണം | വിദ്യാഭ്യാസപരം |
| കെട്ടിടത്തിന്റെ ആകെ പ്ലിന്ത് വിസ്തീർണം | 608.88 എം2 |

| | |
|---|---|
| പ്ലിന്ത് വിസ്തീർണത്തിന്റെ വിശദാംശങ്ങൾ | GF 304.44എം2<br><br>FF 304.44എം2 ( Proposed ) |
| പ്ലോട്ട് വിസ്തീർണം | 7 ഏക്കർ 83 സെന്റ് |
| റി.സർവ്വേ നമ്പർ | 57/58 |
| ഈടാക്കിയ പെർമിറ്റ് ഫീസ് | 3230 രൂപ(11503100891/13.11.15,<br><br>11503101164/02.12.15 രശീതുകൾ പ്രകാരം) |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | ശ്രീ.വി.പി. അബ്ദുൾ നസീർ , സെക്രട്ടറി<br><br>രാമനാട്ടുകര മുനിസിപ്പാലിറ്റി |

അപേക്ഷ പരിശോധിച്ചതിൽ ,നിലവിലുള്ള II / 415 നമ്പർ GF കെട്ടിടത്തിന് മുകളിലായാണ് പുതിയ നിർമ്മാണം എന്നു കാണുന്നു. നിലവിലുള്ള അറബിക് കോളേജ് ഹോസ്റ്റൽ , ഓഡിറ്റോറിയം എന്നിവക്ക് സമീപത്തായാണ് പെർമിറ്റ് നല്കിയ ഒന്നാം നില കെട്ടിടം എന്നാണ് പ്ലാൻ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. പെർമിറ്റ് ഫീസ് ഈടാക്കിയിരിക്കുന്നതും ഒന്നാം നിലയുടെ വിസ്തീർണത്തിന് അനുസൃതമായാണ്.എന്നാൽ നിലവിലുള്ളതായി കാണിച്ചിട്ടുള്ള GF കെട്ടിടം മുനിസിപ്പാലിറ്റിയുടെ വസ്തുനികുതിയുമായി ബന്ധപ്പെട്ട രേഖകളിലൊന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. അന്വേഷണം നടത്തി , നിലവിലുള്ളതായി പ്ലാനിൽ കാണിച്ചിട്ടുള്ള II / 415 നമ്പർ കെട്ടിടത്തിന്റെ യഥാർത്ഥ വസ്തുനികുതി ഡിമാൻഡ് നമ്പർ, അസസ്മെന്റ് വിശദാംശങ്ങൾ , ചുമത്തിയ വസ്തുനികുതി എന്നിവ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ടാറിന് മാർക്കറ്റ് വിലയേക്കാൾ കൂടുതൽ നിരക്ക് നൽകി

2015-16വർഷം VG-30ഗ്രേഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് നഗരസഭയിൽ റോഡ് ടാറിംഗ് പ്രവൃത്തികൾ ചെയ്തത്. ഈ ബിറ്റുമിന് ഡി.എസ്.ആർ നിരക്ക് ഒരു ടണ്ണിന് 41000-രൂപയാണ്. ഇതിന്റെ കോസ്റ്റ് ഇൻഡക്സ് (1.381,1.3143) ഉൾപ്പെടുന്ന തുകയാണ് നിരക്ക് അനുവദിച്ചപ്പോൾ ടാറിന് കണക്കാക്കിയത്. ജി.ഒ (ആർ.ടി) 789/2014 ത.സ്വ.ഭ.വ തി.18.3.2014 പ്രകാരം റോഡ് പ്രവൃത്തിക്ക് ടാറിന്റെ വില ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ ബിൽ നിരക്ക് അനുവദിയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. അതിനാൽ ബിറ്റുമിന് മാർക്കറ്റ് വില ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കാമായിരുന്നു. 13.2.2014ലെ ത.സ്വ.ഭ.വ ചീഫ് എഞ്ചിനീയറുടെ ഡി.ബി.3/6512/ 2013നമ്പർ സർക്കുലർ ഖണ്ഡിക 5പ്രകാരം ഡി.എസ്.ആർ ൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു ഇനത്തിന്റെ നിരക്ക് ആവശ്യമായി വരുന്ന പക്ഷം ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാവുന്നതാണ് . ഇതിൽ ഡി.എസ്.ആർ. ൽ ഉള്ളതിന് ആ നിരക്കും, അല്ലാത്തവയ്ക്ക് മാർക്കറ്റ് നിരക്കും നൽകാം . 1% വാട്ടർചാർജ്ജ് , 15% സി.പി & ഒ.എച്ച് എന്നിവ നൽകിയ ശേഷം കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിക്കുമ്പോൾ, മാർക്കറ്റ് നിരക്ക് നൽകിയതിനെ ഒഴിവാക്കണം . ഇവിടെ ഡി.എസ്.ആർ നിരക്ക്

പ്രകാരം VG-30 ബിറ്റുമിന് 41000 രൂപയാണ് വില എന്നാൽ ഐ.ഒ.സി നിരക്ക് 2015-16 വർഷം 41000 രൂപയിൽ കുറവാണ്. അതായത് മാർക്കറ്റ് നിരക്ക് ഡി.എസ്.ആർ നേക്കാൾ കുറവാണ്. കൂടാതെ ഡി.എസ്.ആർ കോഡ് 16.30.1,16.32.2 മറ്റ് ഒബ്സേർവ്ഡ് ഡാറ്റയിൽ വി.ജി-30 ബിറ്റുമിൻ മാത്രം അല്ല ടാർ ഉള്ളത്. വി.ജി -10ബിറ്റുമിൻ,ബിറ്റുമിൻ ഇമെൽഷൻ എന്നിവയുമുണ്ട്. എന്നാൽ കേരളത്തിലെ സാഹചര്യം പരിഗണിച്ച് മേൽ കോഡിൽ. വി.ജി 30 മാത്രം ഉൾപ്പെടുത്തിയാണ് നിരക്ക് തയ്യാറാക്കിയത്. അതായത് ഇത് ഒബ്സേർവ്ഡ് ഡാറ്റയാണ്. അതിൽ മാർക്കറ്റ് റേറ്റ് VG-30മേൽ സർക്കാർ ഉത്തരവ് പ്രകാരം (ഐ.ഒ.സി നിരക്ക്) ഉൾപ്പടുത്തിയിരുന്നെങ്കിൽ ടാറിന്റെ വിലയ്ക്ക് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കാമായിരുന്നു. അല്ലെങ്കിൽ മാർക്കറ്റ് വിലയേക്കാൾ കൂടുതലായ 41000രൂപ തന്നെ പരിഗണിച്ചാൽ 1.381/1.3143 കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിച്ചത് അധികം ആണ്. ഇപ്രകാരം 38.1%/31.46% തുക VG-30യ്ക്ക് അധികം അനുവദിച്ചു.വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ എസ്റ്റിമേറ്റ്/ കരാറുകാരന്റെ പേര്/ ബിൽ നമ്പർ/ തുക/ എം ബുക്ക്/ ടെണ്ടർ/കോസ്റ്റ് ഇൻഡക്സ് | വിനിയോഗിച്ച ടാർ(എം ബുക്ക് പേജ്) | അനുവദിച്ച തുക ടണ്ണിന് 41000X1.381 കോസ്റ്റ് ഇൻഡക്സ് | അനുവദിക്കേണ്ടത് ടണ്ണിന് 41000 | അധികം |
|---|---|---|---|---|---|
| 1 | തോട്ടുങ്ങൽ ചോയിമുക്കിൽ റോഡ് റി ടാറിംഗ്<br>ബിൽ നമ്പർ:13/29.3.16 തുക: 1.5 ലക്ഷം<br>കരാറുകാരൻ: സദ്ധാദ്<br>എം.ബുക്ക്:126/15-16<br>CI-1.3143 | 1.20803 ടൺ (എം ബുക്ക് പേജ് -16) | 1.20803x41000X1.3143 =65096 | 1.20803X41000 =49529 | 15567 |
| 2 | കളത്തിങ്ങൾ ആലംബി റോഡ് ടാറിംഗ്<br>ബിൽ നമ്പർ:32/31.3.16 തുക: 348376<br>കരാറുകാരൻ: ഹഫ്സൽ ഇ കെ<br>എം.ബുക്ക്:142/15-16<br>CI-1.3143 | 1.10481 ടൺ (എം ബുക്ക് പേജ് 27) | 1.10481 X41000X 1.3143 =59534 | 1.10481X41000 =45297 | 14237 |

| | | | | | |
|---|---|---|---|---|---|
| 3 | അണ്ടിക്കാടൻ കുഴി പാണ്ടികശാല റോഡ് ടാറിംഗ്<br>ബിൽ നമ്പർ:34/31.3.16 തുക: 245700/-<br>കരാറുകാരൻ: സദ്ധാദ്<br>എം.ബുക്ക്:150/15-16<br>ടെണ്ടർ ബിലോ-18.1%<br>CI-1.3143 | .097842 ടൺ (എം ബുക്ക് പേജ് 25 ) | .097842 x41000x 1.3143x81.9/100<br>=43180 | .097842X41000 X81.9/100<br>=32854 | 10326 |
| 4 | പൊയിലിൽ റോഡ് ടാറിംഗ്<br>ബിൽ നമ്പർ:43/31.3.16<br>തുക: 216036<br>കരാറുകാരൻ: മുസ്തഫ കെ പി<br>എം.ബുക്ക്:168/15-16<br>ടെണ്ടർ ബിലോ-15.3%<br>CI-1.3143 | .83276 ടൺ (എം ബുക്ക് പേജ് 27 ) | .83276 X41000X 1.381x84.7/100<br>=38009 | .83276X41000x 84.7/100<br>=28919 | 9090 |
| 5 | ചേമ്പീട്ടിൽ താഴം റോഡ്<br>ബിൽ നമ്പർ:38/31.3.16<br>തുക: 248353<br>കരാറുകാരൻ:മുസ്തഫ കെ പി<br>എം.ബുക്ക്:104/15-16<br>ടെണ്ടർ ബിലോ-2.7% | 2.15635 (എം ബുക്ക് പേജ് 23) | 2.15635X41000X 1.3143x97.3/100<br>=113060 | 2.15635X41000 x97.3/100<br>=86023 | 27037 |

| | | | | | |
|---|---|---|---|---|---|
| | CI-1.3143 | | | | |
| 6 | മേലെ വടക്കാനി റോഡ്<br>ബിൽ നമ്പർ:10/29.2.16<br>തുക: 146971<br>ചെക്ക് നം.1508713/28.2.2016<br>തുക-235104<br>കരാറുകാരൻ: സാദത്ത്<br>ടെൻഡർ -10% കുറവ്<br>എം.ബുക്ക്:148/15-16<br>CI-1.3143 | 3.19135 ടൺ(എം ബുക്ക് പേജ് 23) | 3.19135X41000X90/100 X1.3143<br>=154773 | 3.19135X41000 X90/100<br>=117761 | 37012 |
| 7 | ചിറക്കാങ്കുന്ന് കോളനി റോഡ് ബിൽ നമ്പർ:39/31.3.16<br>തുക: 2.4 ലക്ഷം<br>കരാറുകാരൻ: അഫ്സൽ ഇ കെ<br>ടെൻഡർ 20% കുറവ്<br>എം.ബുക്ക്:118/15-16,110 /15-16<br>CI-1.3143 | .09579(എം ബുക്ക് പേജ് 118-25) | .09579X41000X 80/100X1.3143<br>=40988 | .09579X41000X80/100<br>=31186 | 9802 |
| 8 | കോട്ടക്കുറുംബ സേവാമന്ദിരം റോഡ്<br>ചെക്ക് നം:793090/01.03.2016<br>തുക: 4,32,400/- | 1.50955(എം ബുക്ക് പേജ് 22) | 1.50955X41000 X1.3143<br>=81344 | 1.50955X41000<br>=61892 | 19452 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ-സദ്ധാദ് പി<br>എം.ബുക്ക്:133/15-16<br>CI-1.3143 | | | | |
| 9 | ഫാറൂക്ക് കോളേജ് യത്തീംഖാന റോഡ്<br>ബിൽ നമ്പർ:15/29.3.16<br>തുക: 2 60680<br>ടെൻഡർ 6.9% കുറവ്<br>കരാറുകാരൻ-ഇ കെ അഫ്സൽ<br>എം.ബുക്ക്:135/15-16<br>CI-1.381 | 1.86216 ടൺ<br>(എം ബുക്ക് പേജ് 22 ) | 1.86216X41000X<br>1.381x93.1/100<br>=98162 | 1.86216X41000x93.1/100<br>=71081 | 27081 |
| 10 | കദീജ ടീച്ചർ റോഡ് ടാറിംഗ്<br>ബിൽ നമ്പർ:28/31.3.16<br>തുക: 476842/-<br>കരാറുകാരൻ-എം അബ്ദുൾ മൻസൂർ .<br>.എം.ബുക്ക്:134/15-16<br>CI-1.381 | 1.48181 ടൺ<br>(എം ബുക്ക് പേജ് 39) | 1.48181X41000X<br>1.381<br>=83902 | 1.48181X41000<br>=60754 | 23148 |
| 11 | കുളത്തുപ്പുറത്ത് റോഡ് ടാറിംഗ്<br>ബിൽ നമ്പർ:33/31.3.16<br>തുക: 238554/--<br>കരാറുകാരൻ-സദ്ധാത് പി | .91807ടൺ<br>(എം ബുക്ക് പേജ് 15) | .91807X41000X<br>1.3143<br>=49471 | .30923X41000<br>=37641 | 11830 |

| | | | | | |
|---|---|---|---|---|---|
| | .എം.ബുക്ക്:153/15-16<br>CI-1.3143 | | | | |
| 12 | പി എച്ച് സി-കാരായി റോഡ്<br>ബിൽ നമ്പർ:44/31.3.16<br>തുക: 90,000/--<br>ചെക്ക് നം.797115/20.04.2016<br>തുക-129240<br>കരാറുകാരൻ-ഹഫ്സൽ ഇ കെ<br>ടെണ്ടർ -18.8% കുറവ്<br>.എം.ബുക്ക്:112/15-16<br>CI-1.3143 | 1.89483ടൺ<br>(എം ബുക്ക് പേജ് 23) | 1.89483X41000X<br>1.3143x81.2/100<br>=82910 | 1.89483X4100oX81.2/100<br>=63083 | 19827 |
| 13 | മുട്ടം കുന്ന് പാണാഴിത്താഴം റോഡ് റിടാറിഗ്<br>ബിൽ നമ്പർ:12//29.3.16<br>തുക:2.8 ലക്ഷം<br>കരാറുകാരൻ-സദ്ധാത് പി<br>.എം.ബുക്ക്:151/15-16<br>CI-1.3143 | 1.9731ടൺ<br>(എം ബുക്ക് പേജ് 21) | 1.9731X41000X<br>1.3143<br>=106323 | 1.9731X41000<br>=80897 | 25426 |
| 14 | വെളുത്ത കൊട്ടങ്ങഴി റോഡ് റിടാറിംഗ്<br>ബിൽ നമ്പർ:17//29.3.16<br>തുക:212472/- | 1.61593ടൺ<br>(എം ബുക്ക് പേജ് 21) | 1.61593X41000<br>X1.381<br>=87076/- | 1.61593X4100o<br>=66253 | 20823 |

| | | | | | |
|---|---|---|---|---|---|
| | കരാറുകാരൻ-ഹഫ്സൽ പി കെ<br>.എം.ബുക്ക്:140/15-16<br>CI-1.3143 | | | | |
| 15 | ചാത്തം പറമ്പ് ഒറുവിങ്ങൽ റോഡ്<br>ബിൽ നമ്പർ:16//29.3.16<br>തുക:207638/-<br>കരാറുകാരൻ-സദ്ധാത് പി<br>.എം.ബുക്ക്:125/15-16<br>ടെണ്ടർ 20% കുറവ്<br>CI-1.3143 | 1.61914<br>(എം ബുക്ക് പേജ് 21) | 1.61914X41000X<br>1.3143X80/100<br>=69800 | 1.61914X4100oX80/100<br>=53108 | 16692 |
| 16 | എൻ എച്ച് -ജി യു പി എസ് റോഡ് റി ടാറിംഗ്<br>ബിൽ നമ്പർ:14//29.3.16<br>തുക:125159<br>കരാറുകാരൻ-ഹഫ്സൽ ഇ കെ<br>.എം.ബുക്ക്:141/15-16<br>CI-1.3143 | .93746<br>ടൺ<br>(എം ബുക്ക് പേജ് 17) | .93746X41000X1.3143<br>=50516 | .93746X41000<br>=38436 | 12080 |
| 17 | മുണ്ടങ്ങാട്ടുതാഴം മഠത്തിൽ പടി റോഡ് റിടാറിംഗ്<br>ബിൽ നമ്പർ:11//29.3.16<br>തുക:2.1 ലക്ഷം<br>കരാറുകാരൻ-സദ്ധാത് പി | 1.70113ടൺ<br>(എം ബുക്ക് പേജ് 20) | 1.70113X41000X1.3143<br>=91668 | 1.70113X41000<br>=69746 | 21922 |

| | | | | | |
|---|---|---|---|---|---|
| | .എം.ബുക്ക്:152/15-16<br><br>CI-1.3143 | | | | |
| | ആകെ | | | | 321352/- |

മേൽ സാഹചര്യത്തിന് വിശദീകരണം നൽകേണ്ടതും, ഉത്തരവാദികളായവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കേണ്ടതുമാണ്.

## 3-2 ഗ്രാനുലാർ സബ് ബേസ് -സ്പെസിഫിക്കേഷനു വിരുദ്ധം.

നഗരസഭയിലെ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഗ്രാനുലാർ സബ് ബേസ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ, മണ്ണ് ഫിൽ ചെയ്ത് ഉറപ്പിച്ചതിന് മുകളിൽ 10 സെ.മീ.കനത്തിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് പ്രവൃത്തി ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ്എഞ്ചിനീയരുടെ 16.1.2012 ലെ ഡി-ബി4-7462/2012/ സി.ഇ.തസ്വഭവ കത്തിൽ റോഡിന്റെ വെള്ളക്കെട്ടുള്ള ഭാഗത്ത് മണ്ണിന്റെ ഘടനയ്ക്ക് അനുസരിച്ച് സബ് ബേസ് ബലപ്പെടുത്തേണ്ടതാണ് എന്നും, സബ് ഗ്രേഡ് സോയിലിന്റെ ബിയറിംഗ് കപ്പാസിറ്റി കുറവാണെങ്കിൽ ആയത് ബലപ്പെടുത്തണമെന്നും വ്യക്തമാക്കുന്നു. ക്ലെ സോയിൽ ആണെങ്കിൽ ആയത് നീക്കം ചെയ്ത് ഗ്രാനുലാർ സോയിൽ നിറക്കേണ്ടതാണ്. ഗ്രാനുലാർ സബ് ബേസ് ഉപയോഗിക്കുകയാണെങ്കിൽ കോംപാക്ടും, കൺസോളിഡേറ്റഡ് ആയ സബ് ബേസ് ലഭിക്കുന്നതാണ് എന്ന് വ്യക്തമാക്കുന്നു. ഇതെല്ലാം ഐ.ആർ.സി സ്പെസിഫിക്കേഷന് അനുസരിച്ചായിരിക്കണം നടത്തേണ്ടതെന്നും, സ്പെസിഫിക്കേഷ നിലെ ന്യൂനതകൾ ഗുരുതരമായി കണക്കാക്കപ്പെടുമെന്നും വ്യക്തമാക്കുന്നു. എന്നാൽ ഐ.ആർ.സി.സ്പെസിഫിക്കേഷനിൽ ക്വാറിമക്ക് ഫില്ലിംഗ് നല്ല ഒരു ഗ്രാനുലാർ സബ് ബേസ് അല്ല. സ്പെസിഫിക്കേന് വിരുദ്ധമായി പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്. ക്വാറിമക്ക് ഫിൽ ചെയ്തതിന്റെ വിശദാംശം താഴെ കൊടുക്കുന്നു .

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/എം.ബുക്ക്/<br><br>കരാറുകാരന്റെ പേര്/ബിൽ നമ്പർ | ചെയ്ത ഇനം /<br><br>അളവ് | അനുവദിച്ച തുക |
|---|---|---|---|
| 1 | മന്ദാർ നെട്ടുങ്ങളി പൊറ്റ റോഡ് പ്രവൃത്തി<br><br>കരാറുകാരൻ-സദ്ധാത് പി<br><br>എം.ബുക്ക് -127/15-16<br><br>ബിൽ നമ്പർ -36/31.03.2016<br><br>തുക – 60,000/-/- | 1/50.96ഘ.മീ | 60,000/- |
| 2 | തോട്ടായിപ്പാടം കുഴിമൂളി പൊറ്റ റോഡ് | 7/78.55ഘ.മീ | 87662 |

| | | | |
|---|---|---|---|
| | കരാറുകാരൻ -എം മുഹമ്മദ് ബഷീർ<br>എം.ബുക്ക് -187/14-15<br>ബിൽ നമ്പർ -2/18.08.2015<br>തുക – 493098/- | | |
| 3 | കൊച്ചിളാത്ത് തോട്ടായി പാടം ലിങ്ക് റോഡ്<br>കരാറുകാരൻ -എം.അബ്ദുൾ മൻസൂർ<br>എം.ബുക്ക് -186/14-15<br>ബിൽ നമ്പർ -ലഭ്യമല്ല<br>തുക – 198012/- | 9/50.76ഘ.മീ | 56648/- |
| | ആകെ | | 204310/- |

ഇത്തരത്തിൽ സ്പെസിഫിക്കേന് വിരുദ്ധമായി പ്രവൃത്തി ചെയ്യതിനാൽ സ്ഥാപനത്തിന് 204310/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-3 <u>കലക്ടറേറ്റിൽ നിന്നും തുക ലഭിക്കും മുൻപ് തനതുഫണ്ടിൽ നിന്നും ചെലവഴിച്ചു</u>

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി
ഫണ്ട് :തനതുഫണ്ട്
വൗച്ചർ നമ്പർ :21500772/3-02-2016
തുക : 97,973/-

2015 തെരഞ്ഞെടുപ്പിന്റെ ചെലവുതുക 548,278/-രൂപയിൽ 300,000/-രൂപ അഡ്വാൻസായി കലക്ടറേറ്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. ബാക്കി തുക ലഭിക്കുന്നതിനുള്ള ബിൽ കലക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിനിടയിൽ വാഹന ഡ്രൈവർമാർക്കും പന്തലിനും ഹോട്ടലുകാർക്കും അടിയന്തിരമായി തുക നല്കണം എന്നാവശ്യപ്പെട്ടുകൊണ്ട്, കലക്ടറേറ്റിൽ നിന്നും തുക ലഭിക്കുന്നതിന് മുൻപേ തന്നെ നഗരസഭാ ഫണ്ടിൽ നിന്നും എ2/10945/15 തി.2-02-2016 നമ്പർ നടപടിക്രമം അനുസരിച്ച് മേൽ തുക ചെലവഴിച്ചു. ഇങ്ങനെ തുക അനുവദിച്ചതിലെ അപാകതകൾ ചുവടെ കാണിക്കുന്നു.

1) തുക ചെലവഴിച്ചതിന്റെ രേഖകളില്ല.ഏതൊക്കെ ഇനങ്ങൾക്ക് ആർക്കൊക്കെ നല്കിയെന്നതിന്റെ വിശദാംശമില്ല. ആളുകൾ തുക കൈപ്പറ്റിയതിന്റെ കൈപ്പറ്റ് രശീതിയില്ല.

2)കലക്ടറേറ്റിൽ നിന്നും ലഭിക്കാനുള്ള തുക ലഭിച്ചതിന്റേയോ ആയവ നഗരസഭാഫണ്ടിൽ അടവാക്കിയതിന്റേയോ രേഖകളും വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ കാരണം ചെലവുതുക തടസ്സപ്പെടുത്തുന്നു. വിശദീകരണം നൽകേണ്ടതാണ്.

## 3-4 മുണ്ടങ്ങാട്ടുതാഴം -മഠത്തിൽ പടി റോഡ് റി ടാറിംഗ്-റി ടെണ്ടറിൽ ടെണ്ടർ കുറവ് ഇല്ലാതായി.

| | |
|---|---|
| പ്രോജക്ട് നമ്പർ | – 40/2016 |
| കരാറുകാരൻ | – ശ്രീ.പി സദ്ദാദ് |
| ബിൽ നമ്പർ | – 11/29.03.2016 |
| എം ബുക്ക് | – 152/15-16 |

ഈ പ്രവൃത്തി 06.08.2015 ന് ടെണ്ടർ ചെയ്തപ്പോൾ അബ്ദുൾ മൻസൂർ എന്ന കരാറുകാരൻ ടെണ്ടർ സമർപ്പിക്കുകയും 8% ടെണ്ടർ കുറവിൽ പ്രവൃത്തി ചെയ്യാൻ ക്വാട്ട് ചെയ്തിട്ടുമുണ്ട്. എന്നാൽ ഒരേ ഒരു ടെണ്ടർ മാത്രം പങ്കെടുത്തു എന്ന കാരണത്താൽ ഈ പ്രവൃത്തി റി ടെണ്ടർ ചെയ്യുകയും സദ്ദാദ് പി എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്തത് അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയും മേൽ ബിൽ പ്രകാരം 210000/-രൂപ കരാറുകാരന് അനുവദിക്കുകയും ചെയ്തു. ഇവിടെ നെഗോസിയേഷൻ നടന്നതായി കാണുന്നില്ല.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും ശേഖരിക്കൽ മാർഗ്ഗരേഖ (ജി.ഒ (പി)259/2010 ത.സ്വ.ഭ.വ തീയതി-8.11.2010)പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ടെണ്ടറിലെ നിരക്ക് മുൻ ടെണ്ടർ നിരക്കിനേക്കാൾ സാരമായ വ്യത്യാസമുണ്ടെങ്കിൽ മുൻ ടെണ്ടർ പരിഗണിക്കണം. അതേ സമയം തന്നെ കുറഞ്ഞത് 3 സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗങ്ങളുടെ സാന്നിധ്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി കൂടിയാലോചന നടത്തി നിരക്കിൽ കുറവ് വരുത്താം. ഇവിടെ ആദ്യ ടെണ്ടറിൽ ഒരാൾ പങ്കെടുത്ത് 8% കുറവ് ക്വാട്ട് ചെയ്ത സാഹചര്യത്തിൽ രണ്ടാമത്തെ ടെണ്ടറിൽ സദ്ദാദിന് അനുവദിക്കുമ്പോൾ 8% കുറവിൽ പ്രവൃത്തി ചെയ്യാമോ എന്ന് നെഗോഷ്യേറ്റ് ചെയ്തിട്ടില്ല.കൂടാതെ അതിന് തയ്യാറാകാത്ത സാഹചര്യത്തിൽ സ്ഥാപനത്തിൽ ആദ്യ കരാറുകാരനായ അബ്ദുൾ മൻസൂറിന് നേരിട്ട് പ്രവൃത്തി ഏൽപ്പിക്കാമായിരുന്നു.അങ്ങനെ ചെയ്താൽ സ്ഥാപനത്തിന് പ്രവൃത്തി മൂല്യത്തിൽ 8% കുറവ് അതായത് 16800/-രൂപ നഷ്ടം സംഭവിക്കില്ലായിരുന്നു.അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

